**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 694** **30-01-2024 - ൽ മറുപടിയ്ക്ക്**

**ഉഡുപ്പി-കാസർഗോഡ് 400 കെ.വി ലൈൻ നിർമ്മാണം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ ഇ ചന്ദ്രശേഖരൻ</th><th colspan="2">ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>കരിന്തളം 400 കെ.വി സബ് സ്റ്റേഷൻ, ഉഡുപ്പി-കാസർഗോഡ് 400 കെ.വി.ലൈൻ എന്നിവയുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ ;</td><td>(എ)</td><td>കേന്ദ്ര ഊർജ്ജ വകുപ്പിന്റെ ഭാഗമായ REC ട്രാൻസ്മിഷൻ പ്രൊജക്ട് കമ്പനി ലിമിറ്റഡ് TBCB (Tarrif Based Competitive Bidding) വ്യവസ്ഥയിൽ ക്ഷണിച്ച ടെൻഡർ ലഭിച്ച കമ്പനിയായ സ്റ്റെർലൈറ്റ് പവർ ട്രാൻസ്മിഷൻ ലിമിറ്റഡിന്റെ ഭാഗമായ ഉഡുപ്പി-കാസറഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ് (UKTL) എന്ന കമ്പനിയാണ് നിർദ്ദിഷ്ട 400 കെ.വി ഉഡുപ്പി-കരിന്തളം ലൈനും കരിന്തളം 400 കെ.വി സബ്സ്റ്റേഷനും നിർമ്മിക്കുന്നത്. ഈ പ്രവൃത്തിയുമായി കെ.എസ്.ഇ.ബി ലിമിറ്റഡ് നേരിട്ട് ബന്ധപ്പെട്ട് പ്രവർത്തിക്കുന്നില്ല. UKTL കമ്പനിയിൽ നിന്ന് കെ എസ് ഇ ബി എൽ ന് ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം 400 കെ.വി ഉഡുപ്പി-കാസറഗോഡ് ലൈനിന്റെ ജോലികളുടെ വിശദാംശങ്ങൾ താഴെപ്പറയുന്ന പ്രകാരമാണ്.
<table>
<tr><td>ആകെ ലൈൻ നിർമ്മിക്കേണ്ട ദൂരം</td><td>115 കി.മീ (കേരളം – 47 കി.മീ, കർണ്ണാടകം – 68 കി.മീ)</td></tr>
<tr><td>ആകെ ടവറുകളുടെ എണ്ണം</td><td>283 (കേരളം – 101, കർണ്ണാടകം – 182)</td></tr>
<tr><td>ടവർ ഫൗണ്ടേഷൻ നിർമ്മാണം പൂർത്തിയായത് (കേരളം)</td><td>93 എണ്ണം</td></tr>
<tr><td>ടവർ നിർമ്മാണം പൂർത്തിയായത് (കേരളം)</td><td>80 എണ്ണം</td></tr>
<tr><td>ലൈൻ നിർമ്മാണം പൂർത്തിയായത് (കേരളം)</td><td>840 മീറ്റർ</td></tr>
<tr><td>സബ്സ്റ്റേഷൻ നിർമ്മാണം</td><td>95% പൂർത്തീകരിച്ചു.</td></tr>
</table>
</td></tr>
</table>

| | | | |
|---|---|---|---|
| | | | പ്രസ്തുത പദ്ധതിയുടെ, കർണ്ണാടക പ്രദേശത്ത് 68 കി.മി ലൈൻ നിർമ്മാണം പൂർത്തിയാക്കേണ്ട പ്രവൃത്തികൾ തീരെ മന്ദഗതിയിലാണ്. കൂടാതെ ഇതുമായി ബന്ധപ്പെട്ട് ഒരു കേസും ബഹു. കർണ്ണാടക ഹൈക്കോടതിയിൽ നിലവിലുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് സ്ഥലം ഉടമകൾക്ക് നൽകിയ നഷ്ടപരിഹാരം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (ബി) | ടവറും ലൈനും കടന്നുപോകുന്ന സ്ഥലത്തെ ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുന്നത് UKTL കമ്പനിയാണ്. UKTL കമ്പനിയിൽ നിന്നും കെ എസ് ഇ ബി എൽ ന് ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം, വൃക്ഷവിള നഷ്ടപരിഹാരം നൽകുന്നതിന് കാസറഗോഡ് ജില്ലാ കളക്ടർ നിശ്ചയിച്ച പ്രകാരം അന്തിമ വില തീരുമാനമായിട്ടുണ്ട്. ടവർ സ്ഥാപിക്കുന്ന ഭൂമിയുടെ നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് സ്പെഷ്യൽ പാക്കേജ് പ്രഖ്യാപിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ